12.	ജില്ലാ ആശുപത്രി	തൃശ്ശൂർ
13.	താലൂക്കാശുപത്രി, പൊന്നാനി	മലപ്പുറം
14.	ജില്ലാ ആശുപത്രി, തിരൂർ	"
15.	താലൂക്കാശുപത്രി, നിലമ്പൂർ	"
16.	ജനറൽ ആശുപത്രി, കോഴിക്കോട്	കോഴിക്കോട്
17.	ജില്ലാ ആശുപത്രി, വടകര	"
18.	താലൂക്കാശുപത്രി, കുറ്റ്യാടി	"
19.	താലൂക്കാശുപത്രി, പേരാമ്പ്ര	"
20.	താലൂക്കാശുപത്രി, തൊടുപുഴ	ഇടുക്കി
21.	ജില്ലാ ആശുപത്രി	കണ്ണൂർ
22.	ജില്ലാ ആശുപത്രി, മാനന്തവാടി	വയനാട്
23.	ജനറൽ ആശുപത്രി	കാസർഗോഡ്

(ബി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) ആർ.എസ്.ബി.വൈ, ബി.പി.എൽ കാർഡുടമകൾക്ക് ഫീസ് ഏർപ്പെടുത്തിയിട്ടില്ല. എ.പി.എൽ. വിഭാഗങ്ങൾക്ക് വിവിധ ആശുപത്രികളിൽ എച്ച്.എം.സി-യുടെ തീരുമാനപ്രകാരം 350 രൂപമുതൽ 600 രൂപ വരെ ഈടാക്കുന്നുണ്ട്.

വാതിലുകളും ജനലുകളും ഇറന്നിട്ട് ശസ്ത്രക്രിയ

8 (700) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എയർക്കണ്ടീഷണർ പ്രവർത്തിക്കുന്നില്ല എന്ന കാരണംപറഞ്ഞ് വാതിലുകളും ജനലുകളും ഇറന്നിട്ട് ഓപ്പറേഷൻ തീയേറ്ററുകളിൽ ശസ്ത്രക്രിയ നടത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത മനുഷ്യാവകാശലംഘനം നടത്തിയവർക്കെതിരെ എന്തു നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2004-ൽ സ്ഥാപിച്ച എയർ കണ്ടീഷണർ പ്ലാന്റാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്. ഇവ ഇതുവരെയും നല്ല രീതിയിൽ പ്രവർത്തിക്കുകയായിരുന്നു. എന്നാൽ, ഇപ്പോൾ, ഇതിന്റെ പ്രവർത്തനം മന്ദഗതിയിലായത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ, ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്ലാന്റ് സ്ഥാപിച്ചത് ബ്ലസ്റ്റാർ എന്ന കമ്പനിയാണ്. പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾക്കും, ചില ഭാഗങ്ങൾ മാറ്റി വയ്ക്കുന്നതിനുമായി അടങ്കൽ തുകയായ 10,35,966 രൂപയ്ക്ക് എസ്റ്റിമേറ്റ് നൽകുകയും വർക്ക് ഓർഡർ നൽകുകയുംചെയ്തു. വാർഷിക അറ്റകുറ്റപ്പണികൾക്കുള്ള 7 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി എച്ച്.ഡി.എസ്. മുഖേന നടപ്പിലാക്കാനാണ് ഗവൺമെന്റ് അനുമതി നൽകിയിട്ടുള്ളത്. എത്രയും വേഗം പണി പൂർത്തിയാക്കാമെന്ന് കമ്പനി ഉറപ്പ് നൽകിയിട്ടുണ്ട്. ഇപ്പോൾ എയർ കണ്ടീഷണറുകൾ നന്നായി പ്രവർത്തിച്ചുവരുന്ന തീയേറ്ററുകളിൽ മാത്രമാണ് ഓപ്പറേഷൻ നടന്നുവരുന്നത്. ഇതുമൂലം രോഗികൾക്ക് യാതൊരുവിധമായ ബുദ്ധിമുട്ടുകളും നേരിടേണ്ടിവരുന്നില്ല. ജനാലകളും വാതിലുകളും തുറന്നിട്ട എന്നുള്ള വാർത്ത തികച്ചും അടിസ്ഥാനരഹിതമാണ്. ഇതിൽ മനുഷ്യാവകാശ ലംഘനം ഒന്നുംതന്നെ ഇല്ല.

സർക്കാർ ആശുപത്രികളിലെ താത്കാലിക ജീവനക്കാരുടെ പ്രസവാവധി

9 (701) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ ജോലിചെയ്യുന്ന സ്റ്റാഫ് നഴ്സ് അടക്കമുള്ള താത്ക്കാലിക ജീവനക്കാർക്ക് ശമ്പളത്തോട്കൂടിയുള്ള പ്രസവ അവധി നൽകുന്നതിന് വ്യവസ്ഥയുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് ഇറങ്ങിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) എത്ര ദിവസത്തെ അവധിയാണ് ശമ്പളത്തോടുകൂടി അനുവദിച്ച് നൽകിയിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ&ബി) കെ.എസ്.ആർ ഭാഗം-I അനുബന്ധം-VIII, ചട്ടം 2-ന് കീഴിലെ കുറിപ്പിലെ വ്യവസ്ഥകൾ പ്രകാരം കരാർ വ്യവസ്ഥയിൽ ജോലിയിൽ ഒരു വർഷത്തിലേറെ കാലമായി തുടരുന്നതും അവധിക്കുശേഷം സേവന കാലാവധിയുള്ളവരും ആയ വനിതാ ജീവനക്കാർക്ക് പ്രസവാവധി കെ.എസ്.ആർ 100,101 ചട്ടപ്രകാരം അനുവദിച്ചിട്ടുണ്ട്.